മാനന്തവാടി ജലവൈദ്യുത പദ്ധതി പര്യവേഷണം

92(995) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി ജലവൈദ്യുത പദ്ധതിയുടെ വിശദമായ പര്യവേഷണം എപ്പോൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ ;

(ബി) പര്യവേഷണം പൂർത്തിയാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പര്യവേഷണത്തിന് ഉദ്യോഗസ്ഥന്മാരെ നിയമിച്ച് കഴിഞ്ഞുവോ ;

(ഇ) എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്രവീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ,ബി&സി) മാനന്തവാടി പദ്ധതിയുടെ വിശദമായ പര്യവേഷണം 1970 മുതൽ 1980 വരെ നടത്തുകയും പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രജല-ഊർജ്ജ കമ്മിഷന് 1980-ൽ സമർപ്പിക്കുകയും ചെയ്തു. പിന്നീട് കേന്ദ്രവൈദ്യുത അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഭേദഗതികൾ വരുത്തിയ പുതിയ റിപ്പോർട്ട് 1992-ൽ സമർപ്പിക്കുകയുണ്ടായി. 1998-ൽ ജലസംഭരണിയുടെയും വസ്തുവകകളുടേയും പര്യവേഷണം ആരംഭിച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പുമൂലം പര്യവേഷണം തുടർന്നു നടത്തുവാൻ നിർവ്വാഹമില്ലാതായി.

(ഡി) മേൽ വിവരിച്ച സാഹചര്യങ്ങളിൽ ഈ പദ്ധതിക്ക് വേണ്ടി മാത്രമായി ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ നിർവ്വാഹമില്ലാതായി. ഈ പദ്ധതിയുടെ പ്രാരംഭ സർവ്വേ ജോലികൾക്കായി മാനന്തവാടിയിൽ ഒരു സിവിൽ ഡിവിഷൻ ഉണ്ടാക്കിയിരുന്നു. പിന്നീട് പ്രസ്തുത ഡിവിഷന്റെ പ്രവർത്തനമേഖല തരിയോട്ടിലേക്ക് മാറ്റുകയുണ്ടായി.

(ഇ) ഇപ്പോൾ നിലവിലുള്ള തരിയോട് ഡിവിഷനിലെ തസ്തികകൾ ചുവടെ ചേർക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	1
അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	2
അസിസ്റ്റന്റ് എഞ്ചിനീയർ	-	4
സബ് എഞ്ചിനീയർ	-	8
ഫോർമാൻ മെക്കാനിക്	-	1
സീനിയർ അസിസ്റ്റന്റ്	-	2
ഡ്രൈവർ	-	3

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡിവിഷൻ തന്നെയാണ് വയനാട് ജില്ലയിലെ എല്ലാ വൈദ്യുത പദ്ധതികളുടെയും പ്രാഥമിക സർവ്വേ പഠനങ്ങളും, ജലസ്രോതസ്സുകളുടെ അന്വേഷണവും നടത്തുന്നത്. കൂടാതെ അന്തർ സംസ്ഥാന നദീതടങ്ങളിലെ പര്യവേഷണവും ഈ ഡിവിഷൻ മുഖേന സാദ്ധ്യമാണ്.

വൈദ്യുത സെക്ഷൻ ഓഫീസുകൾ തുറക്കുന്ന നടപടി

93(996) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുത സെക്ഷൻ ആഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അഴൂർ പഞ്ചായത്ത് മൂന്ന് വൈദ്യുത സെക്ഷനാഫീസുകൾക്ക് കീഴിലായതിനാൽ വൈദ്യുതി ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെരുങ്ങുഴിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലുണ്ടോ ;

(ഡി) ഈ സെക്ഷൻ ആഫീസ് ഉടനെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30 സെക്ഷൻ ആഫീസുകളും 25 മേജർ സെക്ഷനുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) സർക്കാർ പ്രഖ്യാപിച്ച പവർ പോളിസി അനുസരിച്ചുള്ള ബോർഡിന്റെ പുന:സംഘടന നടപ്പാക്കിക്കഴിഞ്ഞു മാത്രമേ ഇനി ബോർഡ് പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

കെ. എസ്. ഇ. ബി. കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക്

94(997) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് ഏത് വിഭാഗത്തിൽപ്പെടുത്തിയാണ് ചാർജ്ജ് ഈടാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly